(ഇ) സമഗ്രമായ അന്വേഷണം നടത്തി ക്രൈം നമ്പർ 300/03-ന്റെ അന്തിമ റിപ്പോർട്ട് ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും ക്രൈം 278/03-ന്റെ രാസപരിശോധനാഫലം ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതുമാണ്.

സംസ്ഥാനത്തെ മോഷണങ്ങൾ സംബന്ധിച്ച കേസുകൾ

68 [69] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് മോഷണങ്ങൾ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) കച്ചവട സ്ഥാപനങ്ങൾ, വീടുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയിൽ നിന്ന് ഇതേ കാലയളവിൽ എന്ത് തുകയുടെ മോഷണങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മോഷണം പോയ വസ്തുക്കളിൽ എന്തു തുകയുടെ സാധനങ്ങൾ അന്വേഷണത്തെ തുടർന്ന് കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്?

ഉത്തരം

(എ) 28,365 മോഷണക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി)

1.	കച്ചവട സ്ഥാപനങ്ങൾ	. .	133,702,394
2.	വീടുകൾ	. .	133,730,759
3.	സ്വകാര്യ സ്ഥാപനങ്ങൾ	. .	112,906,043
4.	ബാങ്കുകൾ	. .	5,304,791

(സി) 18,32,13,930 രൂപയുടെ മോഷണ മുതലുകളും 7063.737 ഗ്രാം സ്വർണ്ണവും കണ്ടെടുത്തിട്ടുണ്ട്.

രാഷ്ട്രീയ കൊലപാതകങ്ങൾ

69 [70] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ഏതെല്ലാം കേസ്സുകളിലെ പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യുവാനുള്ളതെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ കാലയളവിൽ സംസ്ഥാനത്ത് 38 രാഷ്ട്രീയകൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) 35 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 13 കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ഡി) കൊല്ലം ജില്ലയിലെ ഒരു കേസിലേയും, തൃശ്ശൂർ ജില്ലയിലെ രണ്ടു കേസുകളിലേയും പ്രതികളെ ഇനി അറസ്റ്റു ചെയ്യുവാനുണ്ട്.

മാരാരിക്കുളത്തെ സി. ജി. ഫ്രാൻസിസിന്റെ കൊലപാതകം സംബന്ധിച്ച അന്വേഷണം

70 [71] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.പി.ഐ. (എം) മാരാരിക്കുളം ഏരിയാ കമ്മിറ്റി അംഗമായിരുന്ന ബെന്നി എന്ന സി. ജി. ഫ്രാൻസിസിനെ 2004 മാർച്ച് 16-ന് ആർ.എസ്.എസ്.-കാർ കൊലപ്പെടുത്തിയത് സംബന്ധിച്ച് സർക്കാർ അന്വേഷണം എന്തെങ്കിലും നടത്തിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എത്ര പേരുടെ പേരിൽ ഏതെല്ലാം വകുപ്പുകളനുസരിച്ച് കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് കുറ്റപത്രം സമർപ്പിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കേസ്സിലെ എത്ര പ്രതികളെ അറസ്റ്റു ചെയ്തു; അവർ ആരെല്ലാം; ഏതെല്ലാം പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യാനുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ബെന്നി എന്ന സി. ജി. ഫ്രാൻസിസിനെ കൊലപ്പെടുത്തിയത് സംബന്ധിച്ച് മാരാരിക്കുളം പോലീസ് സ്റ്റേഷനിൽ ക്രൈം 85/04 നമ്പർ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) 13 പ്രതികൾക്കെതിരെ യു./എസ്. 143, 147, 148, 149, 324, 109, 212, 120(ബി), 302 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇല്ല. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് കുറ്റപത്രം സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly